വൈദ്യുതിക്ഷാമം

22 (368) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വൈദ്യുത ദൗർലഭ്യം പരിഹരിക്കുവാൻ ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ ; ഇതിനുവേണ്ടി എത്ര തുക അധികമായി ചെലവഴിച്ചുവെന്നു പറയാമോ ; ഇതുമൂലം എത്ര വൈദ്യുതി അധികമായി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വരും ദിനങ്ങളിൽ ഉണ്ടാകാവുന്ന വൈദ്യുതി ക്ഷാമം പരിഹരിക്കാനും പവ്വർകട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കുവാനും കൈക്കൊണ്ടിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്നു വിശദമാക്കാമോ ; ഇതുമൂലം പവ്വർകട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാകുമെന്നു കരുതാമോ ?

ഉത്തരം

(എ) കേരളത്തിലെ വൈദ്യുത ദൗർലഭ്യം പരിഹരിക്കുന്നതിന് ഹ്രസ്വ/ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ സർക്കാരിന്റെ 2011 മുതൽ ഇതുവരെയുള്ള കാലയളവിൽ സംസ്ഥാനത്ത് പൂർത്തീകരിച്ച വൈദ്യുത ഉത്പാദന പദ്ധതികളിൽ ആകെ 36.06 MW/85.07 MU സ്ഥാപിതശേഷി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. ഇവയുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. * ഇപ്പോൾ പണി നടന്നു വരുന്ന 13 ജലവൈദ്യുത പദ്ധതികൾ പൂർത്തിയാകുമ്പോൾ വരുംകാലങ്ങളിൽ 195 MW അധിക സ്ഥാപിത ശേഷി ലഭിക്കും. കൂടാതെ 391 MW ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടിക അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.* ഇവ കൂടാതെ ബ്രഹ്മപുരത്ത് കേടായ രണ്ട് ഡീസൽ യൂണിറ്റുകൾ മാറ്റി 40 MW ശേഷിയുള്ള വാതകാധിഷ്ഠിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തി വൈദ്യുതി ഉത്പാദനം നടത്താൻ ലക്ഷ്യമിട്ടുകൊണ്ട് സൗരോർജ്ജം, കാറ്റ് ഇവയിൽനിന്നും വൈദ്യുതി ഉത്പാദനത്തിന് ലക്ഷ്യമിടുന്ന പദ്ധതികളുടെ പട്ടിക അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.* ബ്രഹ്മപുരത്ത് ഉദ്ദേശം 400 MW ശേഷിയുള്ള വാതകാധിഷ്ഠിത പദ്ധതിയും NTPC കായംകുളം, BSES കൊച്ചി എന്നീ പദ്ധതികൾ വാതകാധിഷ്ഠിത നിലയങ്ങളായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ചീമേനിയിൽ ഒരു കൽക്കരി അധിഷ്ഠിത താപനിലയം സ്ഥാപിക്കുന്നതിനുള്ള കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈദ്യുതിക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നതിന് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് കഴിയുന്നു. ഊർജ്ജത്തിന്റെ അനാവശ്യവ്യയം ഇല്ലാതാക്കുന്നതിന് വ്യാപകമായ തോതിൽ ബോധവൽക്കരണ നടപടികൾ വൈദ്യുതി ബോർഡിന്റെ എനർജി സേവിംഗ്സ് കോർഡിനേഷൻ ടീമിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം നടത്തിവരുന്നു. വീട്ടുപകരണങ്ങളിൽ വൈദ്യുതി സംരക്ഷിക്കുന്നതിനും വ്യവസായങ്ങളിലും കാർഷിക മേഖലകളിലും ഊർജ്ജം സംരക്ഷിക്കുന്നതിനുള്ള ലഘുലേഖകൾ, പോസ്റ്ററുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു. വൈദ്യുത ഉപയോഗം കുറയ്ക്കുന്നത് പവർകട്ടും ലോഡ് ഷെഡ്ഡിംഗും കുറയ്ക്കുന്നതിനും ഒരുപരിധിവരെ സഹായിക്കും. ജലവൈദ്യുത പദ്ധതികളിൽ നിന്നും കേന്ദ്രപൂളിൽനിന്നും ലഭ്യമാകുന്ന വൈദ്യുതിക്കുപുറമെ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വൈദ്യുതി വ്യാപാരികളിൽനിന്നും ഉൽപ്പാദകരിൽനിന്നും വൈദ്യുതി ലഭ്യമാക്കാനുള്ള താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014 മാർച്ച് മുതൽ 2017 ഫെബ്രുവരി വരെ 400 മെഗാവാട്ട് വൈദ്യുതി പി.റ്റി.സി.സി., എൻ.യു.യു.എൻ. മുതലായ വ്യാപാരികളിൽനിന്നും ശരാശരി 4.50 രൂപ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്. ദക്ഷിണേന്ത്യയിലെ വിവിധ വൈദ്യുതോൽപ്പാദകരിൽനിന്നും 523.5 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എനർജി എക്സ്ചേഞ്ചുകളിൽനിന്നും പരമാവധി കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

ദക്ഷിണ ഗ്രിഡിൽ S1 മേഖലയിൽനിന്നും S2 മേഖലയിലേയ്ക്ക് വൈദ്യുതി കൊണ്ടുവരുന്നതിന് പ്രസരണ ശൃംഖലയുടെ ശേഷിക്കുറവുമൂലം പ്രയാസം നേരിടുന്നുണ്ട്. തന്മൂലം രാജ്യത്തെ മറ്റു മേഖലകളിൽനിന്നുള്ള കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി സംസ്ഥാനത്തിന് ലഭിക്കാതെ പോകുന്നുണ്ട്. രാജ്യത്തിന്റെ കിഴക്കൻ മേഖലയിൽ നിന്നും പശ്ചിമ മേഖലയിൽനിന്നുമായി മധ്യകാല, ദീർഘകാല കരാർവഴി സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതി ഇതുമൂലം എത്തിക്കാൻ കഴിയാതെ വരുന്നുണ്ട്. S1 മേഖലയിലെ ഉൽപ്പാദന നിലയങ്ങളുമായുള്ള കരാർ പ്രകാരമുള്ള വൈദ്യുതിയുടെ ലഭ്യതയിലും തന്മൂലം കുറവ് വന്നിട്ടുണ്ട്. എന്നാലും പ്രസ്തുത ഇടനാഴിയിൽ ലഭ്യമാവുന്ന പ്രസരണശേഷി കേരളം ഫലപ്രദമായി വൈദ്യുതി കൊണ്ടുവരുന്നതിനായി വിനിയോഗിക്കുന്നുണ്ട്. കൂടാതെ കേരളത്തിലേയ്ക്ക് വൈദ്യുതി കൊണ്ടുവരുന്ന പ്രസരണ ശൃംഖല

LIBRARY ARCHIVES Kerala Legislative Assembly

ശക്തിപ്പെടുത്തുന്നതിനായി 400 കെ.വി. മൈസൂർ-അരീക്കോട് ഇരട്ട സർക്യൂട്ട് ലൈൻ നിർമ്മാണം പി.ജി.സി.ഐ.എൽ. വഴി പുരോഗമിക്കുന്നു. 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ (പി.ജി.സി.ഐ.എൽ.) നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുവാൻവേണ്ട നടപടികൾ ഗവൺമെന്റ് തലത്തിൽ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ 400 കെ.വി. ഉഡുപ്പി (കർണ്ണാടക) - മൈലാട്ടി - അരീക്കോട് ഇരട്ട സർക്യൂട്ട് ലൈനും മൈലാട്ടിയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷനും നിർമ്മിക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്. ബ്രഹ്മപുരത്തെ കേടായ 2 ഡീസൽ യൂണിറ്റുകൾ മാറ്റി ഉദ്ദേശം 40MW ശേഷിയുള്ള വാതകാധിഷ്ഠിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്. ഊർജ്ജോല്പാദനത്തിനായി പരിഗണിക്കേണ്ട ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൻ പ്രകാരം 107.5 മെഗാവാട്ടിന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാന്റ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാനുദ്ദേശിക്കുന്നു. കൂടാതെ 54.25 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 11 പദ്ധതികളുടെ ഡി.പി.ആർ. മേയ് 2015-നുമുമ്പ് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടുണ്ട്. ഇതുകൂടാതെ 61.25 മെഗാവാട്ടിന്റെ 10 പുതിയ പദ്ധതികൾ അടുത്ത രണ്ടുവർഷത്തിനകം ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ. പൂർത്തിയാക്കാൻ വേണ്ടി കണ്ടെത്തിയിട്ടുണ്ട്.

വൈദ്യുതി ഉപഭോഗം

23 (369) <u>ശ്രീ. കെ. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം ഇപ്പോൾ എത്ര യൂണിറ്റ് ആണെന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി പ്രതിസന്ധി നേരിടുന്നതിനുള്ള ബോർഡിന്റെ പ്രചരണ ബോധവൽക്കരണ പരിപാടിയായ ലാഭപ്രഭയിലൂടെ പ്രതിദിന ഉപഭോഗം കുറയ്ക്കുവാൻ സാധിച്ചുവോയെന്ന് വ്യക്തമാക്കുമോ ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ; പ്രസ്തുത പരിപാടി ഇപ്പോൾ നിലവിലുണ്ടോ;

(സി) കനത്ത വരൾച്ചമൂലം വൈദ്യുതി പ്രതിസന്ധി ഉണ്ടായാൽ നേരിടുന്നതിന് എന്തൊക്കെ മുന്നൊരുക്ക പ്രവർത്തനങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly